ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും 1976-ലെ ഇടക്കാല കാനേഷുമാരി കണക്കനുസരിച്ച് ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലാ ആസ്ഥാനങ്ങളിലുള്ള മുനിസിപ്പാലിറ്റി അതിർത്തികൾക്കുള്ളിലും മാത്രം ഓട്ടോറിക്ഷകൾക്കും ടാക്സികാറുകൾക്കും മീറ്റർ ഘടിപ്പിച്ചാൽ മതിയാകും എന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ തീരുമാനമനുസരിച്ച് ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

(സി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വൈക്കം-കോഴിക്കോട് റൂട്ടിൽ ഫാസ്റ്റ് പാസഞ്ചർ സർവീസ്

908 [1668] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം-കോഴിക്കോട് റൂട്ടിൽ കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ സർവീസ് നടത്തുകയാണെങ്കിൽ ഡിപ്പാർട്ടുമെന്റിനു ലാഭവും, യാത്രക്കാർക്ക് കൂടുതൽ സൗകര്യവും ആയിരിക്കുമെന്നുള്ള പാസഞ്ചേഴ്സിന്റെ മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ;

(സി) ഈ റൂട്ടിൽ ഉടനെ ഒരു ഫാസ്റ്റ് പാസഞ്ചർ സർവീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ബസുകളുടെ കുറവു കാരണം തൽക്കാലം പുതിയ സർവീസ് ആരംഭിക്കുവാൻ കോർപ്പറേഷന് നിർവാഹമില്ല.

റെയിൽവേ ലെവൽ ക്രോസുകൾ

909 [1670] ശ്രീമതി എം. കമലം:

,, കെ. ആർ. സരസ്വതി അമ്മ:

ശ്രീ. കെ. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള റെയിൽവേലൈനിൽ പൊതുജന സുരക്ഷിതത്വത്തിനുവേണ്ടി ആവശ്യമായ സ്ഥാനങ്ങളിൽ ലെവൽക്രോസുകൾ ഉണ്ടാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാം റെയിൽവേ ലെവൽക്രോസുകൾ ഗവൺമെന്റ് ചെലവിൽ ഉണ്ടാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly